(ബി) ലേബർ അക്കാഡമിയുടെ ആസ്ഥാനം തിരുവനന്തപുരം ആണ്. തൊഴിലാളികളുടെ മക്കൾക്ക് ഗുണനിലവാരമുള്ള തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ലഭ്യമാക്കുകയാണ് ലേബർ അക്കാഡമിയുടെ പ്രഖ്യാപിത ലക്ഷ്യം. കംപ്യൂട്ടർ, പാരാമെഡിക്കൽ കോഴ്സുകൾ, വിനോദസഞ്ചാര മേഖലയുമായി ബന്ധപ്പെട്ട വിവിധ കോഴ്സുകൾ എന്നിവ, വിവിധ ക്ഷേമനിധി ബോർഡുകളുടെ ആഭിമുഖ്യത്തിൽ തുടങ്ങാനും, തൊഴിലാളികളുടെ കുട്ടികൾക്ക് മുൻഗണനാ ക്രമത്തിൽ ഈ കോഴ്സുകൾക്ക് പ്രവേശനം നൽകുവാനുമാണ് ഉദ്ദേശിക്കുന്നത്.

(സി) ലേബർ അതോറിറ്റിയുടെ ഭാഗമായാണ് ലേബർ അക്കാദമി പ്രവർത്തിക്കുക. ലേബർ അതോറിറ്റി രൂപീകരിച്ചുകൊണ്ട് സർക്കാർ ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. വിവിധ കോഴ്സുകൾ തുടങ്ങുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ കേരള ലേബർ വെൽഫയർ ഫണ്ട് ബോർഡ്, കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ് എന്നീ ബോർഡുകൾ ആരംഭിച്ചിട്ടുണ്ട്.

തൊഴിൽ തർക്കങ്ങൾ പരിഹരിക്കുന്നതിന് നടപടി

57(264) ശ്രീ. കെ. എം. മാണി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. സി. എഫ് . തോമസ് :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഗവൺമെന്റ് തൊഴിൽ നയത്തിന് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത നയം എന്നത്തേയ്ക്ക് പ്രഖ്യാപിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ;

(സി) തൊഴിൽ തർക്കങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികളുടെ പുരോഗതി വിശദമാക്കുമോ ;

(ഡി) അടുത്ത കാലത്തായി കൊച്ചിയിലും കാര്യവട്ടത്തും, ചാല കമ്പോളത്തിലും ഉണ്ടായ തൊഴിൽ തർക്കങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇല്ല. എന്നാൽ ലേബർ അജണ്ട എന്ന കർമ്മപദ്ധതിക്ക് രൂപം നൽകി നടപ്പാക്കി വരുന്നു.

(ബി) ഉദിക്കുന്നില്ല.

(സി) തൊഴിൽ തർക്കങ്ങൾ ഉണ്ടായാൽ അവ പരിഹരിക്കുന്നതിനായി തൊഴിൽ വകുപ്പിൽ വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥൻമാരുണ്ട്. ഈ

LIBRARY ARCHIVES Kerala Legislative Assembly

ഉദ്യോഗസ്ഥർ തൊഴിൽ തർക്കങ്ങൾ പരിഹരിക്കുന്നതിനുള്ള അനുരഞ്ജന സമ്മേളനങ്ങൾ വിളിച്ചുകൂട്ടുകയും ചർച്ചകളിലൂടെ തർക്കങ്ങൾ പരിഹരിക്കുകയും ചെയ്യുന്നു. പരിഹരിക്കാൻ കഴിയാത്ത തർക്കങ്ങൾ തൊഴിൽ കോടതിയുടെ തീർപ്പിന് വിടുന്നു. ഇതിനുപുറമേ സംസ്ഥാന തലത്തിൽ വ്യാവസായികാടിസ്ഥാനത്തിലുണ്ടാകുന്ന തൊഴിൽ തർക്കങ്ങൾ ചർച്ചയിലൂടെ പരിഹരിക്കുന്നതിനായി ലേബർ കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ തൊഴിലാളി-മുതലാളി പ്രതിനിധികളടങ്ങുന്ന ഒരു വ്യവസായബന്ധസമിതിയും പ്രവർത്തിച്ചുവരുന്നു.

(ഡി) എറണാകുളം മാർക്കറ്റ് ഏരിയായിലെ തൊഴിലാളികളും മർച്ചന്റ് യൂണിയനും തമ്മിലുണ്ടായ തൊഴിൽ തർക്കം ജില്ലാ കളക്ടറുടെയും, സിറ്റി പോലീസ് കമ്മീഷണറുടെയും, റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണറുടേയും സാന്നിദ്ധ്യത്തിൽ നടന്ന ചർച്ചയിൽ 17 ½ % വേതന വർദ്ധനവ് അംഗീകരിച്ചുകൊണ്ട് പരിഹരിച്ചു. ചാലയിൽ സഭാപതി കോവിൽ തെരുവിലെ ഗ്രെയിൻസ് മർച്ചന്റ്സും ചുമട്ടുതൊഴിലാളികളും തമ്മിൽ അറ്റാച്ച്ഡ് ഹെഡ്‌ലോഡ് വർക്കറുടെ നിയമനം സംബന്ധിച്ച് ഉണ്ടായ തൊഴിൽ തർക്കത്തിൽ മർച്ചന്റ്സ് ഭാരവാഹികളും ട്രേഡ് യൂണിയൻ നേതാക്കളും ലേബർ കമ്മീഷണർ തലത്തിലും ജില്ലാ ലേബർ കമ്മീഷണർ തലത്തിലും നിരവധി ചർച്ചകൾ നടത്തുകയുണ്ടായി. എന്നാൽ അവർ തമ്മിൽ ഒരു ഉഭയകക്ഷി ഉടമ്പടി ഉണ്ടാക്കിയതായി അറിയുവാൻ കഴിഞ്ഞു. കാര്യവട്ടത്ത് പ്രമാദമായ തൊഴിൽ തർക്കങ്ങൾ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

തൊഴിൽ വകുപ്പിലെ ഒഴിവുകൾ

58(265) ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിൽ വകുപ്പിൽ 1969 മേയ് മാസം മുതൽ 1990 ഡിസംബർ മാസം വരെ യു.ഡി.ക്ലാർക്ക്, ഹെഡ് ക്ലാർക്ക്, അസിസ്റ്റന്റ് ലേബർ ഓഫീസർ തസ്തികകളിൽ ഒഴിവുണ്ടായിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ടെസ്റ്റ് പാസ്സായവരിൽ നിന്നും ഈ ഒഴിവുകളിലേയ്ക്ക് യഥാസമയം നിയമനം നടത്തിയിട്ടുണ്ടോ ; എങ്കിൽ എത്ര പേരെ പ്രമോട്ടു ചെയ്തിട്ടുണ്ട് ;

(ഡി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ഇ) യഥാസമയം അർഹരായവർക്ക് പ്രമോഷൻ നൽകാതെ കാലതാമസം വരുത്തി പിന്നീട് യോഗ്യത നേടിയവർക്ക് പ്രമോഷൻ നൽകി എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതേക്കുറിച്ച് അന്വേഷിക്കുമോ ;

(എഫ്) സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly